# അക്ഷരമുത്തുകൾ


## ഡിജിറ്റൽ മാഗസിൻ 2019-2020

ഒരു ലിറ്റിൽ കൈറ്റ്സ് സംരംഭം



## ഗവ: എച്ച്.എസ്.പൊള്ളേത്തൈ

# എഡിറ്റോറിയൽ



കളിചിരികളും കുസൃതികളും വാർന്നൊഴുകുന്ന ഗവ.ഹൈസ്കൂൾ പൊള്ളേത്തൈയിലെ കുരുന്നുകളുടെ മനസ്സിലെ അറിവിന്റെ മുത്തുകൾ വാരിവിതറി എഴുത്തിന്റെ ആസ്വാദ്യ ലോകത്തേക്ക് കടക്കുകയാണ്. വായനക്കാരന്റെ ഭാവന ഉണർത്തുവാനും ചിന്താശേഷിവർദ്ധിപ്പിക്കുവാനും ഒരുപിടി കവിതകളും കഥകളുമായി 'അക്ഷരമുത്തുകൾ' എന്ന മാസിക നിങ്ങൾക്കായി സമ്മാനിക്കുന്നു.

പൊള്ളേത്തൈയുടെ വിരിമാറിലൂടെ സാഹിത്യ ലോകത്ത് പാറിനടക്കുന്ന ഒരു പറ്റം കുരുന്നുകൾ ഉണ്ടായിരുന്നെന്ന് വരും തലമുറ മനസ്സിലാക്കാൻ ഒരു മുതൽ കൂട്ടായി അക്ഷരമുറ്റം എന്നും തിളങ്ങട്ടെ. ഇതിന്റെ ഓരോ താളുകളിലൂടെ യാത്ര ചെയ്യുമ്പോഴും ഒരു നൂറു അനുഭവങ്ങൾ നിങ്ങൾക്ക് അതിൽ നിന്ന് ലഭിക്കട്ടേ ഞങ്ങളുടെ ഈ അറിവിന്റെ ലോകം നിങ്ങൾക്ക് മുന്നിൽ ഹൃദ്യമായി തുറക്കുന്നു......

*അബിയ ആന്റണി*
***(എഡിറ്റർ)***




ആഴിയുടെ നീലപരപ്പും മരവും ,തലും , കാറ്റും ,കുളിരും ,തോടും കുളങ്ങളും നിഷ്കളങ്കരായ കുരുന്നുകളും പൊള്ളേത്തൈ ഗ്രാമത്തിന്റെ തിലകക്കുറിയായി ശോഭിക്കുന്നു. ഈ മുത്തശ്ശി വിദ്യാലയത്തിലെ ലിറ്റിൽകൈറ്റ്സ് അംഗങ്ങളുടെ ഈ സംരംഭത്തിന് എല്ലാവിധ ആശംസകളും നേരുന്നു........

ഹെഡ്മിസ്ട്രസ്

* പി ഡി അന്നമ്മ*

## ഉള്ളടക്കം


.....4
.....5
അമ്മയുടെ ഉണ്ണി.....6
.....8
.....8
.....8
A WISH TO BE FULFILLED.....9
സുന്ദരി പൂമ്പാറ്റകൾ.....10
തിരിച്ചറിവ്.....11
ലഹരി.....12
നിലവിളിക്കുന്ന രണ്ടു ഹൃദയങ്ങൾ.....14
കൗമാരത്തിൽ വിടരും ലഹരികൾ.....15
.....16
.....17
ചിത്രം വരയ്ക്കുന്ന ശലഭങ്ങൾ.....17
എന്റെ വിദ്യാലയം.....18
മാതൃശാക്തീകരണ പരിശീലന പരിപാടി.....19
.....20
സോഷ്യൽ മീഡിയയും കൗമാരവും.....20
.....21
കയ്പ്പേറും കൗമാരം.....21
പടിയിറങ്ങുന്നവർ.....22
.....23
.....23
.....23
ജീവിതനൈപുണി വിദ്യാഭ്യാസം.....23
നന്ദി.....24

## അമ്മയുടെ ഉണ്ണി

പാടവരമ്പിലൂടെ നടന്നുനീങ്ങുമ്പോൾ അയാൾ ചുറ്റുമൊന്നുനോക്കി. എത്ര സുന്ദരമായ ഗ്രാമമായിരുന്നു. ഇപ്പോൾ ആകാശം കാർമേഘത്താൽ മൂടി. അദ്ദേഹത്തിന്റെ മനസ്സുമൊത്തവും കാർമേഘത്തിലായി. മേഘത്തിന്റെ സൗന്ദര്യം മനസ്സുനിറയുംവരെ ആസ്വദിച്ചു. അദ്ദേഹം എന്തിനാണോ ആ ഗ്രാമത്തിലേക്ക് വന്നത്. അത് അദ്ദേഹം ഓർത്തതേയില്ല. കുറച്ചുസമയം കഴിഞ്ഞപ്പോൾ കാറ്റോടുകൂടിയ പേമാരി പെയ്തിറങ്ങി. അദ്ദേഹം ചിന്തിച്ചു:



"ഹോ എന്തൊരു നശിച്ച മഴയാണ്. എങ്ങനെയാണ് ആ സ്ത്രീയെ ഞാൻ കണ്ടുപിടിക്കുന്നത്"

അങ്ങനെ പറഞ്ഞുകൊണ്ട് ഒരു പീടികയുടെ വരാന്തയിൽ കയറിനിന്നു.പിന്നെ പീടികയുടെ അകത്തുചെന്നിട്ട് പീടികക്കാരനോട് പറഞ്ഞു. "ചേട്ടാ ഒരു ചായ" പറഞ്ഞ് ഇരിക്കാൻ സ്ഥലം തിരഞ്ഞു. അവിടെ ഇട്ടിരുന്ന ബഞ്ചിലും ഡസ്കിലും ധാരാളം ആളുകൾ ഇരുന്നിരുന്നു. അദ്ദേഹം താഴെ ചാണകംമെഴുകിയ തറയിൽ അദ്ദേഹത്തിന്റെ സഞ്ചിയും വെച്ചിട്ട് അവിടെ ഇരുന്നു. പീടികക്കാരൻ അദ്ദേഹത്തോട് ചോദിച്ചു. "കഴിക്കാൻ എന്താ വേണ്ടത്." ഓ ഒന്നും വേണ്ട ചായ മാത്രം മതി. അദ്ദേഹം പുഞ്ചിരിച്ചുകൊണ്ട് പറഞ്ഞു. പീടികക്കാരൻ തുടർന്നു:

ഇവിടെ എങ്ങും ഇതുവരെ കണ്ടിട്ടില്ലല്ലോ എവിടെന്നാ? അയാൾ പീടികക്കാരനുനേരേ തിരിഞ്ഞതിനുശേഷം പറഞ്ഞു: "ഞാൻ കുറച്ചു ദൂരേന്നാ. ഇവിടെ ഒരാളെ കാണാൻ വന്നതാ." ആരെ? പീടികക്കാരൻ സംശയമുഖത്തോടെ ചോദിച്ചു. പുഞ്ചിരിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞുതുടങ്ങി, "15 വർഷങ്ങൾക്കുമുമ്പ് രേവതി എന്നൊരു സ്ത്രീ ഇങ്ങോട്ടു വന്നിരുന്നു. അതെന്റെ അമ്മയാണ്." ഉവ്വോ? ഉണ്ട് ഉണ്ട്. ഇവിടെ അങ്ങനെയൊരാൾ ഉണ്ട്. പീടികക്കാരൻ വെപ്രാളത്തോടെ പറഞ്ഞു. എവിടെയാ, എവിടെയാ വീട്? അദ്ദേഹത്തിന്റെ അമ്മ ഇവിടെയുണ്ടല്ലോ എന്ന സന്തോഷത്തോടെ നിറഞ്ഞ കണ്ണുകളോടുകൂടി പറഞ്ഞു, "ഇവിടുന്നു നേരേ വലത്തോട്ടു പോകുമ്പോൾ കാണുന്ന മൂന്നാമത്തെ വീടാണ്." ശരി ചേട്ടാ വളരെ നന്ദി എന്നുപറഞ്ഞുകൊണ്ട് അദ്ദേഹത്തിന്റെ അമ്മയെക്കാണാൻ ഓടിപ്പാഞ്ഞ് പീടികക്കാരൻ പറഞ്ഞ വീടിനു മുമ്പിൽ ചെന്നു. ഓലമേഞ്ഞ വീട്. അദ്ദേഹം കതകിൽ കൊട്ടിവിളിച്ചു. പെട്ടെന്ന് കതകുതുറന്നു. അദ്ദേഹം മുമ്പിൽ പ്രത്യക്ഷപ്പെട്ട ആളെ കുറേനേരം നോക്കിനിന്നു. നിറഞ്ഞ കണ്ണുകളോടുകൂടി അമ്മേ എന്ന് വിളിച്ചു. മെലിഞ്ഞ ശരീരം, കുഴിഞ്ഞ കണ്ണുകൾ, നിറംമങ്ങിയ വെള്ള സാരി, നഗ്നമായ കാതും കൈയ്യും, പാതിനരച്ച മുടി. അമ്മേ എന്നൊരാൾ രേവതിയെ വിളിച്ചപ്പോൾ മനസ്സിൽ ഘനീഭവിച്ചിരുന്ന കുളിർമ ഉരുകി കണ്ണിലൂടെ ഒഴുകി.

"എന്റെ പൊന്നുമോനെ നീ ഏതാ എന്നു ചോദിച്ചുകൊണ്ട് പുറത്തേക്കിറങ്ങിച്ചെന്നു." ഞാൻ അമ്മയുടെ മകനാണമ്മേ. ഏഴുവയസ്സായപ്പോൾ തന്നെ എന്റെ അച്ഛനെ കുത്തിക്കൊന്നിട്ട് അനാഥനെപ്പോലെ ആ കുരയിൽ ഇട്ടിട്ടുപോയ അമ്മയുടെ ഉണ്ണി, വിങ്ങിപ്പൊട്ടിക്കൊണ്ട് അമ്മയുടെ കാൽക്കൽ വീണുകൊണ്ട് പറഞ്ഞു.

ഒരുനിമിഷം നിറഞ്ഞ കണ്ണുകളോടുകൂടിനിന്നു. മകനെ വാരിയെഴുന്നേൽപിച്ച് പുണർന്നുകൊണ്ട് പറഞ്ഞു മകനെ നിനക്ക് എങ്ങനെയൊക്കെ ക്ഷമനൽകണം എന്നെനിക്കറിയില്ല. നിന്റെ അച്ഛൻ ചെയ്ത ദുഷ്പ്രവർത്തികൾ കൊണ്ടാണ് നിനക്ക് കൊല്ലേണ്ടിവന്നത്. ഇപ്പോൾ ഞാനൊരു വിധവയാണ്. അമ്മയിലെ ദുഃഖം അദ്ദേഹത്തിനു മനസിലായി. അദ്ദേഹം പറഞ്ഞു നമുക്ക് ഇനി ഒരുമിക്കാം. അമ്മേ, അമ്മയുടെ ഉണ്ണിയായി കഴിഞ്ഞാൽമതി. അങ്ങനെ അവർ സന്തോഷത്തോടുകൂടെ ഒന്നിച്ച് കഴിഞ്ഞു.

*** പാർവ്വതി * (8 B)**



# കേരളസമൂഹവും ആർഭാടവും

ഇന്ന് സമൂഹത്തിൽ സ്നഹബന്ധത്തിനും സമാധാനത്തിനുമുപരി സമ്പത്തിനും ആർഭാടത്തിനുമാണ് നാം വിലകല്പിക്കുന്നത്. മുമ്പ് കേരളം എന്നു കേൾക്കുമ്പോൾ നമ്മുടെ മനസ്സിൽ ഒടിയെത്തുന്നത് സ്നേഹത്തിന്റേയും സമൃദ്ധിയുടേയും മലയാളതനിമയുടേയുമൊക്കെ നാടാണ്. അവിടെ പണത്തിനും ആർഭാടത്തിനുമൊന്നും പ്രസക്തിയില്ല. സ്നേഹം,ഐക്യം, സമാധാനം, ഒത്തൊരുമ തുല്യത എന്നിവ ചേർന്നതായിരുന്നു കേരളം. എന്നാൽ ഇന്ന് നാം ഏവരും സ്വന്തം കാര്യം നോക്കി ജീവിക്കുകയാണ്. മറ്റുള്ളവർക്ക് എന്ത് സംഭവിച്ചാലും താൻ നന്നായിരിക്കണം. സൗന്ദർത്തിനും ആർഭാടത്തിനും പുറകേ പോകുന്നു. അതിന് പണം, അഥവാ സമ്പത്ത് അത്യാവശ്യമാണ്. സമ്പത്തിനുവേണ്ടി സ്വന്തബന്ധങ്ങൾ മറന്ന് അമ്മയേയും കൂടെപ്പിറപ്പുകളേയും ഉറ്റവരേയും കൊല്ലുകവരെ ചെയ്യാൻ മുതിരുന്നു.



സമ്പത്തിനും ആർഭാടത്തിനും പുറകേപോയി ഇന്ന് പെൺകുട്ടികൾ അനേകം അക്രമങ്ങൾക്ക് ഇരയാവുന്നു. പണ്ട് മലയാളി സ്ത്രീകളും പെൺകുട്ടികളും പട്ടുപാവാട, സാരി, ചുരിദാർ തുടങ്ങിയവയാണ് ധരിച്ചിരുന്നത്. എന്നാൽ ഇന്ന് സൗന്ദര്യത്തിനും ആർഭാടത്തിനും പുറകേപോയി തീരെ സംസ്കാരമില്ലാത്ത വേഷമാണ് ഇവർ ധരിക്കുന്നത്. ആദ്യം ഷാൾ ഇല്ലാത്ത ചുരിദാർ, പിന്നീട് ജീൻസും ടോപ്പും, പിന്നെ അതിന്റെ ഇറക്കം കുറഞ്ഞ് കുറഞ്ഞുവന്നു. അങ്ങനെ അവസാനം കൈയ്യില്ലാത്ത ബനിയനും,മുട്ടിനുമുകളിൽ നിൽക്കുന്ന ഷോർട്സും വരെയായി അവരുടെ വേഷം. ഇട്ട വസ്ത്രധാരണരീതി തന്നെയാണ് പെൺകുട്ടികളുടെ നേരെയുള്ള ഭൂരിഭാഗം അതിക്രമങ്ങൾക്കും കാരണം. സമ്പത്തില്ലാത്ത ദരിദ്രർ ദേഹം മറയ്ക്കാൻ ഒരുജോഡി വസ്ത്രങ്ങൾ ആഗ്രഹിക്കുമ്പോൾ പണക്കാർ ഇങ്ങനെയുള്ള അശ്ലീലവേഷങ്ങൾക്കാണ് പ്രാധാന്യം കൊടുക്കുന്നത്.



നമ്മുടെ സമൂഹത്തിൽ എത്രയോ ദരിദ്രരുണ്ട്. ഒരു വീട്ടിൽ അത്യാവശ്യം ഒരു വാഹനം മതി. എന്നാൽ, ചിലർ മൂന്നും നാലും വാഹനങ്ങളാണ് ആഡംബരം കാണിക്കാൻവേണ്ടി വാങ്ങിച്ചിടുന്നത്. അതിന്റെ വിലയാകട്ടെ, കോടികൾ! ഈ ആഡംബരം കുറച്ച് നമ്മുടെ സമൂഹത്തിലെ ദരിദ്രരെ ഉയർത്തിക്കൊണ്ടുവരാൻ ശ്രമിക്കുകയാണ് നാം ചെയ്യേണ്ടത്. നമ്മുടെ ഒരു സഹായഹസ്തം മതിയാവും അനേകം ജീവിതങ്ങൾ സ്വർഗതുല്യമാവാൻ.



നമ്മുടെ ആഡംബരം കാണിക്കണം എന്നുള്ള ചിന്ത ആർക്കും അത്ര നല്ലതിനല്ല. നാം മറ്റുള്ളവനേക്കാൾ വലിയവനാകണം, സമ്പത്തുള്ളവനാകണം, തന്നെ എല്ലാവരും പ്രശംസിക്കണം, ബഹുമാനിക്കണം എന്നീ ചിന്തകളാണ് ഇതിന് കാരണം. ആർഭാടംകൊണ്ട് നമുക്ക് വലിയ നേട്ടങ്ങളൊന്നുമില്ല. എന്നാൽ അതിനുവേണ്ടി ചിലവാക്കുന്ന കാശുണ്ടെങ്കിൽ അനേകം പാവങ്ങൾക്ക് നല്ലൊരു ജീവിതം കിട്ടും. അവർ നമ്മോട് കടപ്പെട്ടിരിക്കും. മറ്റുള്ളവരെ സഹായിക്കുക എന്നത് വലിയൊരു പുണ്യമാണ്. അങ്ങനെ ണറ്റുള്ളവരെ സഹായിച്ചുകൊണ്ടാണ് അവരുടെ ബഹുമാനവും പ്രശംസയും നേടേണ്ടത്. അല്ലാതെ ആർഭാടം കാണിച്ചുകൊണ്ടല്ല. ഇനി വരുംതലമുറയെങ്കിലും നല്ലൊരു വ്യക്തിത്വങ്ങൾക്ക് ഉടമകളാകട്ടെ. നമ്മുടെ കേരളം പഴയതുപോലെ സ്നേഹവും സമൃദ്ധിയും കൊണ്ട് നിറയട്ടെ. എല്ലാവരെയും സഹായിക്കാനുള്ള മനസ്സിന്റെ ഉടമകളാകട്ടെ



***ആർച്ച മാളവിക***
**(10A)**

# A WISH TO BE FULFILLED

*She ached for a forlorn wish*
*She cherished a desire with expectation*
*when and whence it penetrate her soul*
*She was unaware but sure enough*

*It lives with her every moment*
*It was a driving force and energy to her*
*It was with her at every heart beats*
*It will be with her till her last breath*

*'Whimsical' said others who heard about*
*No one ever try to see naked face*
*Only through reflections is possible*
*Yet she is not ready to yield under any strain*

*Optimistic, she waited for long centuries*
*Renounced everything, darted with an aim,*
*She may have lost herself with her fancies*
*But one day she enjoyed the miracle*

*Fickle fictional images poured life into it*
*Through a single cell, her awaited hopes,*
*Came true, as an ardent admirer of truth,*
*She slowly opened her eyes to feel the fact,*

*She stretched her hands to touch her,*
*But slowly it was sunken in the see*
*Or it vanished in the eternal bliss*
*Her mighty soul deliquesced in the air*



** GIRIJA V V **
*( TEACHER)*

# സുന്ദരി പൂമ്പാറ്റകൾ



ചിറകും വീശിനടകും കുഞ്ഞി പൂമ്പറ്റേ
പൂക്കളമിടാൻ വന്നോ നീ
അതോ കളിയാടീടാൻ വന്നോ നീ
പൂപറിക്കാൻ വന്നോ നീ
സിന്ദരി പൂമ്പാറ്റേ കുഞ്ഞി പൂമ്പാറ്റേ
എൻ അടുത്തോട്ടു വരുമോ നീ
ഈ നല്ലനിറം നിനക്കാരു തന്നു
പാറിപ്പറക്കാൻ രസമല്ലേ
പറന്ന് താളം വെക്കാൻ രസമല്ലേ
തേൻക്കുടിക്കാൻ രസമല്ലേ
പൂക്കളിൽ ഇരിക്കാൻ രസമല്ലേ
എന്നേയും കൂടി കൊണ്ടു പോകുമോ സുന്ദരി പൂമ്പാറ്റേ
നിൻ അമ്മയെന്തേ നിൻ അച്ഛനെന്തേ അവരെല്ലാം എവിടെപ്പോയി
പൂമ്പൊടിയുണ്ണൻ വന്നോ നീ
ഞാൻ നിൻ മാറിലൊന്നണഞ്ഞോട്ടേ
നിൻ കൂടേ കളിച്ചോട്ടേ!
*എൻ സുന്ദരി പൂമ്പാറ്റേ!*

** ആൻലാനിയ ആന്റണി**
***(5A)***



# തിരിച്ചറിവ്



**ഹൊ!** എന്തൊരു അസഹ്യമായ ചൂട്. ഇങ്ങനെപോയാൽ എന്തു ചെയ്യും.മരങ്ങളെല്ലാം ഉണങ്ങിക്കരഞ്ഞു.ഭയങ്കര ദാഹം അപ്പൂപ്പൻ പറഞ്ഞു.അച്ചു വന്നു വെള്ളം കുടിക്കു ചൂടുകാലമാണിത്. എനിക്ക് വേണ്ട അച്ചു അതിവേഗത്തിൽ ശ്വാസം വലിച്ചുകൊണ്ട പറഞ്ഞു;അച്ചു കളിക്കാൻ പോയി.ആ വെയിലത്ത് കിടന്നു അച്ചു ഓടിക്കളിച്ചു.ഉച്ചയായി ചൂടുകൂടി . അച്ചുവിന്റെ മുതുകത്ത് പൊള്ളലേറ്റു.അപ്പൂപ്പൻ ഓടിവന്നു. അച്ചു, നിന്നോട് ഞാൻ പറഞ്ഞതല്ലേ.. ഇതു ചൂടുകാലമാണ് വെള്ളം കുടിക്കാൻ .അച്ചു ആശുപത്രിയിലായി. ഞാൻ കളിക്കാൻ പോകണ്ടായിരുന്നു. അതുകൊണ്ടല്ലേ..... അച്ചുവിന് വിഷമമായി.അങ്ങനെ അച്ചുവിന് അപ്പൂപ്പൻ, മരം വെട്ടുമ്പോൾചൂട് കൂടുമെന്ന് പറഞ്ഞതിന്റെ പൊരുൾ മനസ്സിലായി.



*നിഹാ ബെന്നി*
*(5A)*

# ലഹരി

ബാല്യം കൗമാരം വാർദ്ധക്യം
ഇവതൻ സുഖദുഃഖാനുഭവങ്ങളിലൂടെ
നാം മെല്ലേ നീങ്ങുമ്പോൾ
പലവിധ ലഹരികൾ നമ്മേപിടികൂടുന്നു
ചിലതു നമ്മിൽ സൗന്ദര്യം
വാരിവിതറുന്നു
ചിലതു നമ്മിൽ അന്ധകാരം
നിറയ്ക്കുന്നു.
പാട്ടിന്റെ പാലാഴിയിൽ
കാതുകൾക്കു ഹരമായി
മനസ്സിനുകുളിർമയായി
സംഗീതം നമ്മെ അതിൻ
സുന്ദര ലഹരിയിലേക്ക്
മാടിവിളിക്കുന്നു.



മറ്റുചിലപ്പോൾ നൃത്തത്തിൻ
നാട്യരൂപത്തിൻ ഭാവങ്ങൾ നമ്മിൽ
നാമറിയാതെ തന്നെ അറിഞ്ഞ്
നമ്മെ അതിലേക്കാനയിക്കുന്നു.

അക്ഷരമുത്തുകൾ അടുക്കി വെച്ചുക്കൊണ്ട്
അറിവും നർമ്മവുമെല്ലാം നിറഞ്ഞ
മായാ ലോകമാകുന്ന പുസ്തകങ്ങൾതൻ
കവാടത്തിനുള്ളിലേക്കും നമ്മെ
വായനയെന്ന ലഹരി മാടി വിളിക്കുന്നു.

ഇടയ്ക്ക് എഴുത്തും നമ്മെ
ഹരമായ് പിടികൂടുന്നു.
എഴുതുന്ന മാത്രയിൽ നമ്മുടെ

മനസ്സിലൂടെ കടന്നുപോകും
ആശയങ്ങൾ കുറക്കുവാൻ
നാം നമ്മുടെ തൂലികകൾക്കു വിശ്രമം നൽകാതെ
അതിനെ ഒരു ലഹരിയായ് കൂട്ടിടുന്നു.
സംഗീതം,നൃത്തം,പുസ്തകം,എഴുത്ത്
ഇവയെല്ലാം നമ്മെ നല്ല ചെയ്തികൾ കാട്ടീടുന്നു.
ഈ നന്മ നൽകും ലഹരികൾ
നാം എത്ര സുഖത്തോടെ ആനന്ദിക്കുന്നു.
എന്നാൽ ഈ നല്ല ലഹരിയെ കൂടാതെ
അന്ധകാരത്തിന്റെ നിറവിൽ നിന്ന്
കറുത്ത കുപ്പായമിട്ട് നമ്മെ
കൂർത്ത നഖങ്ങളും ചുവന്ന നേത്രങ്ങളുമായി
നിൽക്കുന്ന രാക്ഷസനാം തിന്മ ലഹരി
നമ്മെ അതിൻ ഇരുട്ടിലേയ്ക്ക് വലിക്കുന്നു.
അറിയാതെ നാം അതിൻ വലയിലായാൽ
നമുക്കു നമ്മുടെ ജീവിതം നഷ്ടമാകും
വർണ്ണക്കടലാസുകളിലും,നല്ല പേരുകളിലും
നമ്മിൽ കൗതുകമുണർത്തിക്കൊണ്ടു
ആ തിന്മ ലഹരി നമ്മെ
നന്മതൻ ലഹരിയുടെ പിടിയിൽ നിന്നു
പറിച്ചെടുക്കുന്നു.
കൂട്ടരെ നാം ഏറെശ്രദ്ധാലുവാക
ഈ വിഷമാം വിപത്തെക്കുറിച്ച്....!



*അപർണ്ണ റ്റി എം*
*(9A)*

## നിലവിളിക്കുന്ന രണ്ടു ഹൃദയങ്ങൾ

**ഹൊ!** എന്തൊരു അസഹ്യമായ ചൂട്. ഇങ്ങനെപോയാൽ ഞാനിനി അധികകാലത്തേക്കൊന്നും ഉണ്ടാവില്ല:കുറിഞ്ഞിപ്പുഴ പറഞ്ഞു.ഞാൻ വറ്റി വറ്റി എന്റെ ജീവൻ തന്നെ നഷ്ടപ്പെട്ടുപോകും.ഒരു മഴ പെയ്തിരുന്നെങ്കിൽ! യമുനേ, നീ തീരാറായല്ലോ.

നമ്മളീ അനുഭവിക്കുന്നതിനെല്ലാം കാരണം ഇവിടെയുള്ള മനുഷ്യപിശാചുകളാണ്.എന്നാ ദൈവമേ ഈ നാട് നന്നാവാ!



കുറിഞ്ഞി.. എന്റെ ജീവൻ നഷ്ടപ്പെട്ടാൽ

എന്നിൽ വസിക്കുന്ന ജീവജാലങ്ങളെ നീ സംരക്ഷിക്കുമോ ?

യമുനേ.. ഞാനുമെന്നെങ്കിലുമൊരിക്കൽതീരാനുള്ളതാ..

ആകാശത്തേക്ക് നോക്കു. തിളച്ചുനിൽക്കുന്ന സൂര്യകിരണങ്ങൾ.....

ഒരു മേഘംപോലും ഇരുണ്ടിട്ടല്ല.

ശരീരമാകെ പൊള്ളുന്നപോലെ. ഒന്ന് തണത്തിട്ടെത്ര നാളായി.നേരത്തേ നമ്മളെത്ര ഒഴുകി നടന്നതാ . ഇപ്പൊ......

പെരിയാറിൽ കുറച്ചുവെള്ളംകൂടിയപ്പോൾ അവൾക്കെന്തഹങ്കാരമായിരുന്നു.ഇപ്പൊ കണ്ടില്ലേ... വറ്റി ഒരു തുള്ളി വെള്ളമില്ലാതായി

മാറി.കുറിഞ്ഞി...അയ്യോ..എന്താ ഇത്.. ശരീരം പൊള്ളുന്നപോലെ എനിക്കു വയ്യാ..ഞാനിപ്പോൾ തീരും...ഞാൻ വറ്റുന്നു...

യമുനേ... ഞാനൊറ്റയ്ക്കാ........



* ആഷ്ന റോബർട്ട്*
( 7A)

## കൗമാരത്തിൽ വിടരും ലഹരികൾ





അറിവുണരും കാലം തൊട്ടേ
വിടരുമോരോ ലഹരികൾ
വായനയിൽ മുഴുകിടും നേരം
അമ്മ ചൊല്ലും വായന ലഹരി
കണ്ണിമ ചിമ്മാതിത്തിരിനേരം
നോക്കവെ മൊബൈൽ ഫോണിൽ
അച്ഛൻ ചൊല്ലും എന്നടെ ലഹരി
മൊബൈൽ ഗെയ്മുകളാണെന്ന്
പള്ളിക്കൂടത്തിൻ ഇടവഴിയിൽ
പ്രണയത്തിൻ രസമോടിനടപ്പൂ
ചൊല്ലും അധ്യാപിക വാൽസല്ല്യത്തിൽ
അരുതേ പ്രണയത്തിൻ പുതുലഹരി!
സിനിമകൾതോറും കാണാം ആഹാ!
മദ്യമയക്കമരുന്നുകൾ മുഴുവൻ
അന്നേരം എൻചേച്ചിയുമോതും
അരുതേ മദ്യമയക്കമരുന്നലഹരികൾ!
എവിടെയും എപ്പോഴും കേൾകാമല്ലോ
ലഹരികൾ! ലഹരികൾ!ലഹരികൾ!
വായന ലഹരി ,മൊബൈൽ ലഹരി
അങ്ങനെയങ്ങനെ ലഹരികൾ പലവിധമുണ്ടേ....

ലഹരികൾ  നിറഞ്ഞൊരു കാലമിതാണേ
കൗമാരത്തിൻ കാലം
അരുതേ കൂട്ടരേ അകപ്പെടരുതേ ഈ
ലഹരിതൻ ഉൾവലയ്ക്കുള്ളിൽ

ദോഷംചെയ്യുമതെന്നോർക്കുക
നിൻ മാതാവിൻ മുഖമോർക്കുക
ലഹരികളിൽ നിന്നാശ്വാസംതരും
അമ്മയെ ഓർക്കുകയെന്നും .
അമ്മതൻ വത്സല്യത്തിൻ മുൻപിൽ
ലഹരികൾ അരിയും വേഗം
ആഘോഷിക്കൂ.. ഉല്ലസിക്കൂ...
ലഹരികളില്ലാ ജീവിതയാത്ര

അമ്മവാത്സല്ല്യമാവട്ടേ ഇനി
എന്നും ലഹരികൾ നിന്നടെ മനസ്സിൽ
ഓർക്കുകയെന്നും ലഹരിയത്
അപകടമാണെന്നോർക്കുകനീ
ലഹരികൾമുഴകിയിരിക്കണനേരം
പഠനത്തിൻ കഥ ഓർത്തിടണേ..
കൗമാരത്തിൻ രസമുല്ലസിക്കാൻ
ഒഴിവാക്കൂ ആ ലഹരികളെ
ആസ്വദിക്കൂ കൗമാരത്തിൻ
സുഖം തരുമോരോനിമിഷങ്ങൾ
കളയരുതേ പാഴാക്കരുതേ
ലഹരിതൻ പേരിൽ
സ്കൂൾ ദിനത്തിൻ സുന്ദരനിമിഷങ്ങൾ.



*ശ്രീലക്ഷ്മി സി എസ്*
*(10 A)*

# ചിത്രം വരയ്ക്കുന്ന ശലഭങ്ങൾ



ചിത്രം വരയ്ക്കുന്ന ശലഭങ്ങളേ .......
നിന്റെ പുള്ളിചിറകൊന്നു കാട്ടാമോ....
മുല്ലയും, പിച്ചിയും, തുമ്പപ്പൂവും
കാത്തു നിൽക്കുന്നു നിനക്കായി...
പാറിപ്പാറി ചിറകുതളർന്നോ നീ....
തേൻകുടിക്കു നീയീ പൂവിൽനിന്നും..
തേൻ നിറച്ചുനിൽപ്പൂ പൂക്കൾ....
തേൻകുടിക്കാനായി നീ വരുമോ...
ചെത്തിയും ചെമ്പരത്തിയും കാത്തുനിൽക്കുന്നു
നിനക്കായീ....
വരുമോ..നീ വരുമോ
ഈ പൂന്തോട്ടത്തിൽ പൂവുകളെ
ഒന്നുമ്മവെയ്ക്കാൻ
പുള്ളികളുള്ള നിൻ ചിറകൊന്നു
കാട്ടി...പാറിപ്പാറി ഒന്നു വരുമോ....
ഈ പൂക്കളിൽ നിന്ന്
തേൻ നുകരാൻ ....
പൂക്കൾ നിനക്കായി കാത്തിരിക്കുന്നു...
തേനിൽ ഉമ്മവെച്ചു പോകാൻ...
ചിത്രങ്ങളുള്ള നിൻ ചിറകുകൾ
കാട്ടി പാറിപ്പറന്നെന്റെ
അടുത്തേക്ക് വാ.....



*ലക്ഷ്മി വി എം*
( 6A)

# മാതൃശാക്തീകരണ പരിശീലന പരിപാടി

സ്കൂളിലെ 8,9,10 ക്ലാസ്സിൽ പഠിക്കുന്ന കുട്ടികളുടെ അമ്മമാർക്കായി കൈറ്റിന്റെ ആഭിമുഖ്യത്തിൽ സാങ്കേതിക വിദ്യയെക്കുറിച്ചുള്ള പരിശീലന പരിപാടി മൂന്നു ഘട്ടമായി നടന്നു. മൊബൈൽ ഫോൺ ഉപയോഗിച്ച് എങ്ങനെ കുട്ടികൾക്കുള്ള പഠനം എളുപ്പമാക്കാം, ഹൈടെക് ക്ലാസ്സ് റൂം പഠനം,സമഗ്ര, വിക്ടേഴ്സ് ചാനൽ, ക്യൂ ആർ കോഡ്, തുടങ്ങിയവയെക്കുറിച്ച് മികച്ച ഒരു പരിശീലനം നടന്നു.അമ്മമാർ കാര്യങ്ങൾ മനസ്സിലാക്കുകയും ക്ലാസ്സിൽ വെച്ച് തന്നെ കൈകാര്യം ചെയ്തു നോക്കുകയും ചെയ്തു.വളരെ താല്പര്യ പൂർവ്വമാണ് ഓരോരുത്തരും ക്ലാസ്സിൽ പങ്കെടുത്തത്.സ്മാർട്ട് ഫോണുകൾ ഇല്ലാത്തവർക്ക് അല്പം ബുദ്ധിമുട്ടുണ്ടായെങ്കിലും അവരും കാര്യങ്ങൾ ഉൾക്കൊണ്ടു.എൽ .കെ മിസ്സ്ട്രസ്സുമാരായ ബീനാ ചെറിയാൻ,ബ്രിജി കെ .പി എന്നിവരെ കൂടാതെ മേരിമോൾ ടീച്ചറും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളും പരിശീലന പരിപാടിയിൽ പങ്കാളികളായി.



** സേതു ലക്ഷ്മി. എൽ**
*(9A)*

# സോഷ്യൽ മീഡിയയും കൗമാരവും

സോഷ്യൽ നെറ്റ്‌വർക്കിംഗ് യുഗത്തിലാണ് നാം ഇന്ന് ജീവിക്കുന്നത്.സോഷ്യൽ മീഡിയ വിദ്യാർഥികൾക്ക് നല്ലതും മോശവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്.സോഷ്യൽ മീഡിയയിൽ വിദ്യാർഥികളെ പ്രതികൂലമായി സ്വാധീനിക്കുന്നുണ്ട്.അത് അവരെ അക്രമണാത്മകമാക്കുകയും അടിമയായിരിക്കുകയും ചെയ്യുന്നു.സോഷ്യൽ മീഡിയയുടെ ഉപയോഗം,കുടുംബം,സമൂഹം,രാജ്യം എന്നിവയെ എങ്ങനെ ബാധിക്കുമെന്നത് വിദ്യാർഥികൾക്ക് അറിഞ്ഞു കൂടാത്ത ഒരു പ്രശ്നമാണ്.കൗമാരക്കാർ സോഷ്യൽ മീഡിയയിൽ സജീവമാണ്.എന്നാൽ അത് മൂലം ഉണ്ടാകുന്ന ദുരിതങ്ങളെക്കുറിച്ച് അവർ അറിയുന്നില്ല. സദാസമയവും ഇന്റെർനെറ്റിൽ സമയം ചിലവഴിക്കുന്നവർ ചുറ്റും നടക്കുന്ന കാര്യങ്ങളെക്കുറിച്ച് തിരക്കാറില്ല.



സോഷ്യൽ നെറ്റ് വർക്കിംഗ് സൈറ്റുകളിൽ എത്തുന്ന ആളുകളുടെ എണ്ണം ദിനം പ്രതി കൂടിവരികയാണ് അതിൽ ഏറ്റവും മുൻപിൽ നിൽക്കുന്നത് കൗമാരക്കാരാണ്ണ്. സമൂഹത്തിൽ എന്തിനടക്കുന്നു എന്നതിനെക്കുറിച്ച് യാതൊരു അറിവും ഇന്നത്തെ വിദ്യാർകൾക്കില്ല. എന്നാൽ ഇന്റർനെറ്റിനെക്കുറിച്ചും ചോദച്ചാൽ മുതിർവരേക്കാൾ അറിവാണ് അവർക്ക്.

കുട്ടികളുടെ ഭാവി ഇതിലൂടെ നശിച്ചുകൊണ്ടിരിക്കുകയാണ്. ജീവിതത്തിലൂടെ ഏറ്റവും സുന്ദരമായ കാലഘട്ടത്തിലൂടെ കടന്നുപോകുന്നവരാണ് കൗമാരക്കാർ .എന്നാൽ അതൊന്നും ആസ്വദിക്കുവാനോ സന്തോഷിക്കുവാനോ ഇവർ സമയം കണ്ടെത്താറില്ല.കണ്ണിനെ ബാധിക്കും പഠനകാര്യത്തിൽ പിന്നിലായി പോകും തുടങ്ങി സോഷ്യൽ മീടിയയ്ക്കു പിന്നിലെ ദൂഷ്യവശങ്ങൾ അവർ മനസ്സിലാക്കുന്നില്ല.

കൗമാരകാവം പൂമ്പാറ്റയെപ്പോലെ പാറിനടന്നാസ്വദക്കേണ്ട കുട്ടികൾ സോഷ്യൽ മീഡയയ്ക്കു മുന്നിൽ മുട്ടുകുത്തുന്നു. ഈ സ്ഥിതി നാം മാറ്റിയെടുക്കണം. സോഷ്യൽ മീഡിയയ്ക്കപ്പുറം വേറൊരു ലോകമുണ്ടെന്ന് അവരെ ബോധ്യപ്പെടുത്ണം. നമ്മുടെ ആ പഴമയെ വീണ്ടെടുക്കാൻ നമുക്ക് ഒന്നായി പ്രവർത്തിക്കാം.



*അനുശ്രീ കെ എസ്*

(10A)

## കയ്പേറും കൗമാരം

ബാല്യത്തിൽനിന്നുണർന്നേറ്റത് ഞാനെന്റെ
കൗമാര കൗതുകം ആസ്വദിക്കാൻ........
ജീവിതമാമൊരു തീവണ്ടിപ്പാതയിൽ
വഴിമാറി മാറി ഞാൻ പോയിടുന്നു.

ഓരോ വഴിയിലും തെറ്റിൻ സുഗന്ധം
പരത്തുവാൻ നിൽക്കുന്ന ലഹരിപദാർത്ഥങ്ങൾ
അരുതെന്ന് പറയാൻ പഠിപ്പിച്ച അമ്മതൻ
കനവിന്റെ ശബ്ദമെൻ കാതുകളിൽ.



ആരോടുമൊന്നും പറയുവാനാകാതെ
കയ്പേറും കൗമാരം നീങ്ങിടുന്നു
ജീവിതയാത്രയിൽ ഏകാകിയായിഞാൻ
സഞ്ചരിച്ചീടുന്നു,നീങ്ങിടുന്നു.

ഗുരുനാഥർതന്നുടെ ഉപദേശമൊക്കെ ഞാൻ
വിലനൽകിയില്ല കൂട്ടാക്കിയില്ല.
തിന്മതൻ വാതിൽ തുറന്ന് കിടക്കുന്നു
നേർവഴി കണ്ടെത്താനാവുന്നില്ല..

തെറ്റേത് ശരിയേത് നന്മതൻ വഴിയേത്
അറിയില്ലയൊന്നും,അറിയില്ലല്ലോ?
അനുഭവസാഗരത്തിന്റെ നടുവിൽ ഞാൻ
കത്തിജ്വലിക്കുന്ന തീനാളമായ് !

വെമ്പുന്നു കൈത്താങ്ങിൻ ചൂടേറുവാൻ
കൊതിക്കുന്നു സ്നേഹസാമീപ്യത്തിനായ് !
പാപം പൊറുക്കണേ തമ്പുരാനേ.......
എന്നിൽ കൃപ ചൊരിയേണമേ എന്നുമെന്നും

***ശ്രീലക്ഷ്മി.സി.എസ്***
*(10A)*



പടിയിറങ്ങുന്നവർ.........

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ 2019-20



# ജീവിതനൈപുണി വിദ്യാഭ്യാസം

*പാഠ്യവിഷയങ്ങൾ നന്നായി പറഞ്ഞുകൊടുത്താൽ പരീക്ഷകളിൽ കുട്ടികൾ നല്ല ഗ്രേഡുകൾ വാങ്ങും.എന്നാൽജീവിതത്തെ നേരിടുവാനുള്ള അനുഭവങ്ങൾ കൂടി ഉണ്ടായാലേ ഈ പഠനമികവുകൊണ്ടു പ്രയോജനമുണ്ടാകൂ. അനുഭവങ്ങളിലൂടെയും ഗുരുനാഥന്മാരുടെയും മുതിർന്നവരുടെയും മാർഗനിർദ്ദേശങ്ങളിലൂടെയുമാണ് ജീവിതനിപുണതകൾ അഥവാ life skills ഉണ്ടാക്കിയെടുക്കേണ്ടത്.*

*ദൈനംദിന ജീവിതത്തിൽ നാം നേരിടേണ്ടിവരുന്ന ചെറുതും വലുതുമായ പ്രശ്നങ്ങളെ വിജയകരമായി അതിജീവിച്ച് വ്യക്തിജീവിതവും സാമൂഹിക ജീവിതവും ഫലപ്രദമായി മുന്നോട്ടുകൊണ്ടുപോകാൻ അവശ്യമായനൈപുണികളെയാണ് ജീവിതനൈപുണികളെന്ന് പറയുന്നത്. കുട്ടികളിലും മുതിർന്നവരിലും അനുവാര്യമായി വികസിപ്പിക്കേണ്ട 10 നൈപുണികളാണ്*

*അനുതാപം (Empathy)*
*ക്രിയാത്മകചിന്ത (creative thinking)*
*ആശയവിനിമയശേഷി (communication skill)*
*സ്വാവബോധം (self awareness)*
*പ്രശ്നപരിഹാരശേഷി (problem solving)*
*ഉചിതമായ തീരുമാനങ്ങളെടുക്കൽ (decision making)*
*വിമർശനാത്മകചിന്ത (critical thinking)*
*വൈകാരികമായ പൊരുത്തപ്പെടൽ (coping with emotion)*
*മനോസമ്മർദ്ദ അനുരാഞ്ജനശേഷി (coping with stress)*
*വ്യക്ത്യാന്തരബന്ധം (inter personal relationship)*

*നിഷാ നായർ ജി*
*സ്കൂൾ കൗൺസിലർ*
*ജി എച്ച് എസ് പൊള്ളേത്തൈ*

**നന്ദി....**

ഈ ഡിജിറ്റൽ മാഗസിന്റെ പൂർത്തികരണത്തിന്
സഹായിച്ച ഈ സ്ക്കൂളിലെ എല്ലാ ലിറ്റിൽ
കൈറ്റ്സ് അംഗങ്ങൾക്കും മാർഗ്ഗനിർദ്ദേശം
നൽകിയ ബീനടീച്ചറിനും , ബ്രിജിടീച്ചറിനും
നിസീമമായ നന്ദി!



**എഡിറ്റർ**

**അബിയ ആന്റണി**